**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2105** **11-10-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ രക്ത ബാങ്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിവിധ മെഡിക്കൽ കോളേജുകളിലെ രക്തബാങ്കുകൾ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ് പ്രകാരമാണോ പ്രവർത്തിക്കുന്നത്; | (എ) | കേന്ദ്ര നിയമമായ ഡ്രഗ് റൂൾസ്-1945 ലെ Schedule F Part XII B യിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടും പ്രസ്തുത നിയമപ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പും, സെൻട്രൽ ഡ്രഗ്സ് കൺട്രോൾ സ്റ്റാൻഡേർഡ് ഓർഗനൈസേഷനും സംയുക്തമായി അനുവദിച്ചിട്ടുള്ള ലൈസൻസ് പ്രകാരവുമാണ് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലെയും രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത ചട്ട പ്രകാരം രക്തബാങ്കിന് ലൈസൻസ് ലഭിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നീ തസ്തികകൾ അനിവാര്യമല്ലേയെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര നിയമമായ ഡ്രഗ് റൂൾസ്-1945 ലെ റൂൾ 122 G യിലെ വ്യവസ്ഥകൾ പ്രകാരം Whole Human Blood മാത്രമുള്ള ബ്ലഡ് സെന്ററുകൾക്ക് ലൈസൻസ് ലഭിക്കുന്നതിനും അവ പ്രവർത്തിപ്പിക്കുന്നതിനും ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തിക അനിവാര്യമാണ്. രക്തത്തിൽ നിന്ന് ഘടകങ്ങൾ വേർതിരിച്ചെടുക്കുന്ന ബ്ലഡ് സെന്ററുകളിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യൻ, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരുടെ സേവനം നിയമപ്രകാരം ആവശ്യമുണ്ട്. ബ്ലഡ് സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തിക നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല. |
| (സി) | മെഡിക്കൽ കോളെജുകളിലെ രക്ത ബാങ്കുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നീ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനു സമാനമായ ഏത് തസ്തികകളാണ് പ്രസ്തുത ലാബുകളിലുള്ളത്; വ്യക്തമാക്കാമോ? | (സി) | സർക്കാർ മെഡിക്കൽ കോളേജുകളിലെ രക്തബാങ്കുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നീ തസ്തികകൾ നിലവിലില്ല. സയന്റിഫിക് അസിസ്റ്റന്റ്, സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ഉള്ളവരാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരുടെ ജോലികൾ ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ